മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പി.ടി. തോമസ് പറഞ്ഞ കാര്യം, ഈ സെപ്റ്റംബർ മാസം ഏഴാം തീയതി തൊടുപുഴ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം വക തിരുവാഭരണം മോഷണം പോയി. അക്കാര്യത്തിൽ പോലീസ് കാര്യമായ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതും അതുപോലെ തന്നെ ക്ഷേത്ര കമ്മിറ്റിയുടെ ആവശ്യവും പരിഗണിച്ച് ഈ അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിച്ചു. ഇതിനോടകം 107 ലധികം പേരെ കസ്റ്റ്യൻ ചെയ്തു. അതുപോലെ തന്നെ സംശയമുള്ള ആളുകളുടെ നീക്കങ്ങൾ എല്ലാം നിരീക്ഷിച്ച് വിശദമായ അന്വേഷണം നടത്തിയിട്ടുണ്ട്, പക്ഷെ ഇതുവരെ അതുസംബന്ധിച്ച് കൂടുതൽ കാര്യങ്ങളിലേക്ക് കടന്നിട്ടില്ല. ഈ കേസ് അന്വേഷണം വളരെ ശക്തമായി മുന്നോട്ടു കൊണ്ടുപോകും എന്ന് ഉറപ്പു പറയുന്നു.

(3) നാദാപുരം ഏരിയ ഡവലപ്മെന്റ് ആന്റ് മാനേജ്മെന്റ് പ്രോജക്ട്

ശ്രീ. ബിനോയ് വിശ്വം: സർ, ഇതേ വിഷയത്തിൽ ഞാൻ അവതരിപ്പിക്കുന്ന മൂന്നാമത്തെ സബ്മിഷനാണിത്. ഏറ്റവും ന്യായമാണെന്നും ഉടനെ ചെയ്യാമെന്നും എല്ലാ അവസരത്തിലും ഗവൺമെന്റ് വാക്ക് പറഞ്ഞു. നാദാപുരത്തിന്റെ വികസനം സ്തംഭിച്ചു നിൽക്കുകയാണ്. ഒരുപാട് കാരണങ്ങളാൽ ദശാബ്ദങ്ങളോളം തന്നെ വികസനം മുരടിച്ചുപോയ ഒരു നാട്ടിൽ ജനങ്ങളുടെ കൂട്ടായ മുൻകൈ, എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പിൻതുണയോടുകൂടി സമാധാനം വീണ്ടെടുത്ത ആ മണ്ണിൽ ആ സമാധാനം ശാശ്വതമാകണമെങ്കിൽ ഇനി വികസനം കൂടിയെ തീരൂ. ആ വികസനത്തിനു വേണ്ടി നാദാപുരത്തെ എല്ലാ പഞ്ചായത്തുകളുടെയും മുൻകൈ തൂണേരി, കുന്നുംമൽ ബ്ലോക്കുകളുടെ ആഭിമുഖ്യത്തിൽ ഞങ്ങൾ നാദാപുരം ഏരിയ ഡവലപ്മെന്റ് ആന്റ് മാനേജ്മെന്റ് പ്രോഗ്രാം എന്ന പേരിൽ "നാദം" എന്ന ചുരുക്കപ്പേരിൽ ഒരു പദ്ധതി തയ്യാറാക്കിയിട്ട് മൂന്നു കൊല്ലമായി. ഇവിടെ മുഖ്യമന്ത്രിമാർ മാറി മാറി വന്നു, മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി പറഞ്ഞു, ഏറ്റവും ന്യായമായ കാര്യം തന്നെ, അടിയന്തിര പ്രാധാന്യം കൊടുത്തുകൊണ്ട് എത്രയും വേഗം ആ പ്രോജക്ട് അംഗീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യും എന്ന്. അത് കാത്തിരിക്കുകയാണ് ഞങ്ങൾ. ഒരു നാട് മുഴുവൻ കാത്തിരിക്കുകയാണ്. നിരാശയുണ്ട്, ദുഃഖമുണ്ട്, പ്രതിഷേധമുണ്ട്. നാദാപുരത്തെപ്പറ്റി നല്ല വാക്കുകൾ മാത്രം പറഞ്ഞുകൊണ്ട് ഏറ്റവും ന്യായമായ ഒരു പദ്ധതിക്കു വേണ്ടി 14 കോടി രൂപയുടെ ചെറിയ പദ്ധതി, എളിയ പദ്ധതി ആ നാടിനെ കലാപത്തിന്റെയും, സംഘർഷത്തിന്റെയും പാതയിൽ നിന്ന് ജീവിതത്തിലേക്കും പുരോഗതിയിലേക്കും നയിക്കാനുള്ള ആ പദ്ധതിക്കുവേണ്ടി ഗവൺമെന്റ് ചെയ്യേണ്ട കാര്യം ഇതുവരെയും ചെയ്യാത്തതിൽ നാദാപുരത്തെ മുഴുവൻ ജനതയ്ക്കുമുള്ള ദുഃഖം അറിയിച്ചുകൊണ്ട് എത്രയും വേഗം ആ പദ്ധതി നടപ്പിലാക്കാനുള്ള സൻമനസ്സ് ഈ വൈകിയ വേളയിലെങ്കിലും ഗവൺമെന്റ് കാണിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, നാദാപുരം ഏരിയ ഡവലപ്മെന്റ് ആന്റ് മാനേജ്മെന്റ് പദ്ധതി (നാദം) എന്നു പേരുവിളിക്കുന്ന ഒരു പദ്ധതി സംസ്ഥാന ആസൂത്രണ ബോർഡിനുവേണ്ടി ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ സമർപ്പിച്ചിരുന്നു. അത് പരിശോധിച്ച് ആ പദ്ധതി ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചു. കേന്ദ്ര ഗ്രാമ വികസന വകുപ്പിന്റെ കീഴിലുള്ള എസ്.ജി.എസ്.വൈ. സ്പെഷ്യൽ സ്കീമിൽ നിന്ന് ധനസഹായം തേടിക്കൊണ്ട് കേന്ദ്രത്തിലേക്ക് കത്തയയ്ക്കാൻ തീരുമാനിച്ചു. പത്തു ദിവസത്തിനകം ഇവിടെനിന്ന് ആ കത്ത് അയച്ചുകൊടുക്കുന്നതാണ്.

4. കോട്ടുളി, വെങ്ങേരി വില്ലേജുകളിലെ കണ്ടൽ വനങ്ങളും ചതുപ്പുപ്രദേശങ്ങളും സംരക്ഷിക്കാൻ നടപടി

ശ്രീ. എ. സുജനപാൽ: സർ, വളരെ ഗുരുതരമായിട്ടുള്ള പ്രശ്നമാണ്. വളരെ വേദനയോടുകൂടിയാണ് അവതരിപ്പിക്കുന്നത്. കാരണം കഴിഞ്ഞ ഒന്ന് ഒന്നര വർഷമായി കോഴിക്കോട് നഗരത്തിലെ വെങ്ങേരി, കോട്ടുളി വില്ലേജുകളിൽപ്പെട്ടിട്ടുള്ള അരയടത്തു പാലം മുതൽ സിവിൽ സ്റ്റേഷന്റെ പിൻഭാഗം വരെയുള്ള ഏതാണ്ട് മുന്നൂറ് ഏക്കറോളം വരുന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന അപൂർവങ്ങളായിട്ടുള്ള കണ്ടൽവനങ്ങൾ, ചതുപ്പുപ്രദേശങ്ങൾ അതൊക്കെ നികത്തി കൊണ്ടിരിക്കുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. ഇതിനകത്ത് കുറേ സ്ഥലം വാട്ടർ അതോറിറ്റിയുടെ കൈയിലുണ്ട്, കുറച്ചുസ്ഥലം റവന്യു വകുപ്പിന്റെ കയ്യിലുണ്ട്, കുറച്ചുസ്ഥലം സ്വകാര്യ വ്യക്തികളുടെ കൈയിലുണ്ട്. സ്വകാര്യ വ്യക്തികളുടെ കൈയിലുള്ള സ്ഥലം മുഴുവൻ മണ്ണിട്ട് നികത്തിക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യം നിരവധി തവണ ഞാൻ ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രിയുടേയും റവന്യു വകുപ്പുമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തിയിട്ടും യാതൊരു നടപടിയും ഉണ്ടായിട്ടില്ല. സ്വകാര്യ വ്യക്തികളുടെ കൈയിലുള്ള കണ്ടൽവനങ്ങളും ചതുപ്പുപ്രദേശങ്ങളും നികത്തിയിരിക്കുകയാണ്. ഇതിനെ സംബന്ധിച്ച് അമേരിക്കയിലുള്ള വെറ്റ്ലാന്റ് ഇന്റർനാഷണൽ എന്നുള്ള ഒരു സംഘടന സ്റ്റഡി ചെയ്ത സമയത്ത് ഇൻഡ്യയിൽത്തന്നെ അപൂർവമായി കണ്ടുവരുന്ന കണ്ടൽവൃക്ഷങ്ങളാണ് അവിടെയുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇൻഡ്യയിൽത്തന്നെ നഗരങ്ങളിൽ കണ്ടൽവനങ്ങൾ വളരെ അപൂർവമായിട്ടേ കാണുന്നുള്ളൂ. അങ്ങനെയുള്ള അപൂർവമായിട്ടുള്ള കണ്ടൽവനങ്ങളാണ് കോഴിക്കോട് നഗരത്തിലുള്ളത്. ഈ സ്ഥലത്താണ് ഡ്രീം സിറ്റി പ്രോജക്ട് —വാട്ടർ തീം പാർക്ക്, ഉൾപ്പെടെയുള്ള ഡ്രീം സിറ്റി പ്രോജക്ട്—വിഭാവനം ചെയ്തത്. സി.ഡബ്ല്യു.ആർ.ഡി.എം. ഇതിനെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ഇതിനെ സംരക്ഷിക്കാൻ വേണ്ടി ഫണ്ട് അനുവദിച്ചിട്ടുണ്ട് എന്നാണ് പറയുന്നത്. പക്ഷെ ഇതൊന്നും ഉപയോഗിക്കാൻ സാധിച്ചിട്ടില്ല. ഗുരുതരമായിട്ടുള്ള ഈ പ്രശ്നത്തെ സംബന്ധിച്ച് ഗവൺമെന്റ് അന്വേഷിക്കണം. സ്വകാര്യ വ്യക്തികളുടെ കൈയിലുള്ള കണ്ടൽവനങ്ങളുൾപ്പെടെയുള്ള ചതുപ്പുപ്രദേശം നികത്തുന്നത് തടയുന്നതിന് ഗവൺമെന്റ് അടിയന്തിര നിർദ്ദേശം കൊടുക്കണം. ജനപ്രതിനിധിയെന്ന നിലയിൽ വളരെ വേദനയോടുകൂടിയാണ് കഴിഞ്ഞ ഒന്ന് ഒന്നര വർഷമായി ഞാൻ ഇതിനുവേണ്ടി ശബ്ദമുയർത്തുന്നത്. പക്ഷെ നടപടികൾ ഉണ്ടാകുന്നില്ല. പരാതികൾ

LIBRARY ARCHIVES Kerala Legislative Assembly